TB Movie Club Weekly Review **#MovieClub**

പെൻഡുലം:

എഴുതിയത് : Lijo Rachel George

മലയാള സിനിമ ചരിത്രത്തിൽ ഇതുവരെ ആരും പ്രതിപാദിച്ചിട്ടില്ലാത്ത പ്രമേയവുമായാണ്, മലയാളത്തിലെ ഏറ്റവും പുതിയ sci-fi (സയൻസ് ഫിക്ഷൻ) മൂവിയായ 'പെൻഡുലം'എന്ന ചിത്രം ഈ മാസം തീയേറ്ററുകളിൽ എത്തിയത്. ഫാന്റസി-സൈക്കോളജിക്കൽ ത്രില്ലർ genre ഇൽ പെടുന്ന ചിത്രത്തിന്റെ തിരക്കഥയും സംവിധാനം നിർവഹിച്ചിരിക്കുന്നത്, നവാഗതനായ റെജിൻ എസ് ബാബുവാണ്.'ചുരുളി'യ്ക്ക് ശേഷം, ടൈം ലൂപ്പും ടൈം ട്രാവലും പ്രമേയമാകുന്ന ചിത്രം കൂടിയാണ് ഇത്.പെണ്ടുലം എന്ന ടൈറ്റിലിൽ നിന്ന് തന്നെ ടൈം ട്രാവലിന്റെ സൂചനകൾ സംവിധായകൻ നമുക്ക് തരുന്നുണ്ട്.

വിജയ് ബാബു അവതരിപ്പിച്ച,
Dr. മഹേഷ് എന്ന കേന്ദ്ര കഥാപാത്രത്തിന്റെ ജീവിതത്തിൽ സംഭവിക്കുന്ന, ചില വിചിത്രമായ അനുഭവങ്ങൾക്ക് പിന്നിലെ നിഗൂഢതകളുടെ ചുരുളഴിക്കാൻ, അദ്ദേഹം നടത്തുന്ന പരിശ്രമങ്ങൾക്കൊടുവിൽ വെളിവാകുന്ന രഹസ്യങ്ങളും എത്തിച്ചേരുന്ന നിഗമനങ്ങളുമാണ്, അവിടേക്കുള്ള പ്രയാണവുമാണ് ഈ ചലച്ചിത്രം.

ഒരു sci-fi ചിത്രത്തിന് വേണ്ട രീതിയിലുള്ള,എൻഗെജിങ്ങ് ആയിട്ടുള്ള മേക്കിങ്, പ്രേക്ഷകരെ ഈ സിനിമയിലേയ്ക്ക് ആകർഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്.സിനിമയുടെ തുടക്കത്തിലെ കുറച്ചു ഭാഗങ്ങളിലും കേന്ദ്ര കഥാപാത്രത്തിനെ സിനിമയുടെ മെയിൻ പ്ലോട്ടിലേയ്ക്ക് കണക്ട് ചെയ്യുന്നതിലും, സ്ക്രിപ്റ്റിനു ചെറിയ പോരായ്മ അനുഭവപ്പെടുമ്പോഴും, മൊത്തത്തിൽ ഇതുപോലൊരു genre ന് മാച്ചാകുന്ന തരത്തിലുള്ള തിരക്കഥ തന്നെയാണ് പെൻഡുലത്തിന്റേത്.ചുരുക്കം ചില സീനുകളിലെ ഡയലോഗുകളിൽ ഒരു കൃത്രിമത്വവും നാടകീയതയും ഒക്കെ അനുഭവപ്പെടുന്നുണ്ട് എന്നതാണ് സിനിമയുടെ മറ്റൊരു ന്യൂനതയായി തോന്നിയത്.

ഇടുക്കിയുടെ മനോഹരമായ ഫ്രെയിമുകൾ തീർത്ത ദൃശ്യ വിസ്മയങ്ങളും ചിത്രത്തിന്റെ സ്വീകാര്യത വർധിപ്പിക്കുന്നുണ്ട്.ഇമ്പമുള്ള ഗാനങ്ങളും മനോഹരമായ വരികളും ബിജിഎമ്മും നജീമും അരവിന്ദുമുൾപ്പെടെയുള്ള ഗായകരുടെ ആലാപനവുമൊക്കെയാണ് ചിത്രത്തിന്റെ മറ്റു പ്രത്യേകതകൾ.

വിജയ് ബാബു,ഇന്ദ്രൻസ്,രമേശ് പിഷാരടി, പ്രകാശ് ബാരെ,സുനിൽ സുഖദ, ദേവകി രാജേന്ദ്രൻ തുടങ്ങിയ പ്രധാന അഭിനേതാക്കൾ എല്ലാവരും തന്നെ

അവരവരുടെ റോളുകൾ നന്നായി അവതരിപ്പിച്ചിട്ടുമുണ്ട്.

അടുത്ത കാലത്ത് മലയാളത്തിൽ ഇറങ്ങിയവയിൽ, എബോവ് ആവറേജ് നിലവാരത്തിലുള്ളതും തിയേറ്റർ എക്സ്പീരിയൻസ് നിർബന്ധമായും വേണ്ട ചലച്ചിത്രമായിരുന്നിട്ട് കൂടി,റിലീസായി ഒരാഴ്ച പിന്നിടുമ്പോഴേക്കും, പ്രധാന നഗരങ്ങളിൽ ഒന്നോ രണ്ടോ ഷോ മാത്രമായി ഒതുങ്ങി പോയതും, പ്രമുഖ തീയേറ്ററുകളിൽ പോലും ഷോ ക്യാൻസൽ ആയി പോയതും,കാണണം എന്നാഗ്രഹിച്ചവർക്ക് പോലും കാണാൻ സാധിക്കാതെ പോയതും ഇങ്ങനെയൊരു ചിത്രത്തെ പറ്റി ഒട്ടു മിക്കവരും അറിയാതെ പോയതുമെല്ലാം, ഈ സിനിമയെ വേണ്ട വിധം മാർക്കറ്റ് ചെയ്യുന്നതിൽ സിനിമയുടെ അണിയറ പ്രവർത്തകർ പരാജയപ്പെട്ടു പോയത് കൊണ്ടാണെന്നു പറയാതെ വയ്യ. ഒപ്പം ഞാനുൾപ്പെടെ, ഒരുപാട് പേര്, തിയേറ്ററിൽ ആസ്വദിച്ചു കണ്ട പോർതൊഴിൽ ഉൾപ്പെടെയുള്ള വിജയ ചിത്രങ്ങളോടൊപ്പം ഇറങ്ങുമ്പോൾ, അതിനൊപ്പമെങ്കിലും പിടിച്ചു നില്ക്കത്തക്കതായ മാർക്കറ്റിംഗ് strategy അണിയറ പ്രവർത്തകർ സ്വീകരിക്കേണ്ടിയിരുന്നു എന്നാണ് ഇതേപ്പറ്റി എന്റെ വ്യക്തിപരമായ അഭിപ്രായം.

ഇതേ വിഷയത്തെ പറ്റി,ക്രിസ്റ്റഫർ നോളൻ പറഞ്ഞു വെച്ച ഇൻസെപ്ഷൻ പോലുള്ള ചിത്രങ്ങൾ ആസ്വദിച്ചു കണ്ട മലയാളികൾ, നമ്മുടെ ചെറിയ ഇൻഡസ്ട്രിയിൽ, അത്തരത്തിൽ ഒരു സിനിമ വരുമ്പോൾ കൈവിടാൻ പാടില്ലായിരുന്നു എന്നതാണ് സത്യം.